മാതൃഭൂമി

08 March 2023

# അലങ്കാരം മാത്രമല്ല ഈ കൃഷി



തൃപ്തി ഷെട്ടി



ദീപ മനോജ്

**കൊച്ചി▸** അലങ്കാര മത്സ്യകൃഷി-വിപണന രംഗത്ത് സംരംഭകരായി മികവ് തെളിയിക്കുകയാണ് തൃപ്തി ഷെട്ടിയും ദീപ മനോജും. വെല്ലുവിളികൾ ഏറെയുള്ള അലങ്കാര മത്സ്യകൃഷി മേഖലയിൽ മികവ് തെളിയിച്ച രണ്ടുപേരെയും വനിതാ ദിനമായ ബുധനാഴ്ച കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ആദരിക്കും. കോവിഡ്കാല പ്രതിസന്ധികളെ അതിജീവിച്ചാണ് ഇവരുടെ നേട്ടം.സി.എം.എഫ്.ആർ.ഐ.യുടെ സയൻസ് ടെക്നോളജി ഇന്നൊവേഷൻ ഹബ്ബ് പദ്ധതിയുടെ ഗുണഭോക്താവു കൂടിയാണ് ട്രാൻസ് വനിതയായ ആലുവ കടുങ്ങല്ലൂർ സ്വദേശി തൃപ്തി ഷെട്ടി. കേരളത്തിലെ ആദ്യകാല ട്രാൻസ്ജെൻഡർ സംരംഭകയുമാണ്. ലോക്ഡൗൺ സമയത്ത് കനത്ത നഷ്ടമുണ്ടായെങ്കിലും പിൻമാറാൻ തയ്യാറായില്ല. സി.എം.എഫ്.ആർ.ഐ.യുടെ സഹായം സംരംഭകത്വം മുന്നോട്ടു കൊണ്ടുപോകാൻ ഏറെ ഉപകരിച്ചതായി തൃപ്തി പറയുന്നു. തൃപ്തി അക്വാട്ടിക്ക് എന്ന സംരംഭം വഴി 50 ശതമാനത്തോളം അധിക വരുമാനം കുടുംബത്തിന് ലഭിക്കുന്നുണ്ട്. ട്രാൻസ്ജെൻഡറായ എം. ഹൃത്വിക്കിനെയാണ് തൃപ്തി വിവാഹം ചെയ്തിരിക്കുന്നത്.

> *അലങ്കാര മത്സ്യകൃഷി-വിപണന രംഗത്ത് വിജയമുദ്രയുമായി തൃപ്തിയും ദീപയും*

പെരുമ്പാവൂർ കീഴില്ലം സ്വദേശിയാണ് ദീപ മനോജ്. അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുകയും വിൽക്കുകയും ചെയ്യായിരുന്നു തുടക്കം. പിന്നീട് സമീപവാസികളായ തൊഴിൽരഹിതരെ കണ്ടെത്തി അവരെക്കൂടി അലങ്കാര മത്സ്യകൃഷിയിൽ പങ്കാളികളാക്കി. പ്രതിസന്ധികൾക്കിടയിലും വരുമാനമുണ്ടാക്കാൻ കഴിയുമെന്ന് പ്രദേശവാസികളെ ബോധ്യപ്പെടുത്താനായതും കൂട്ടായ്മ രൂപവത്കരിച്ച് അലങ്കാര മത്സ്യകൃഷിയിലേക്ക് ആകർഷിക്കാനായതുമാണ് ദീപയുടെ വിജയം.

അലങ്കാരമത്സ്യങ്ങളുടെ കൃഷിയും പ്രജനനവും അവരെ പരിശീലിപ്പിച്ചു. വിപണന ശൃംഖല വികസിപ്പിച്ചു. അറ്റ്ലാന്റ് ഫിഷ് ഫാം എന്ന സംരംഭം വഴി സ്വയംതൊഴിലിനുള്ള അവസരവും നൽകി. സി.എം.എഫ്.ആർ.ഐ.യിൽ വനിതാ ദിനാഘോഷത്തിൽ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഇരുവരെയും ആദരിക്കും. കൊച്ചി കോർപ്പറേഷൻ കൗൺസിലർ പദ്മജ എസ്. മേനോൻ, സി.എം.എഫ്.ആർ.ഐ. വനിതാ സെൽ ചെയർപേഴ്സൺ ഡോ. മിറിയം പോൾ ശ്രീറാം, മെംബർ സെക്രട്ടറി ഡോ. സന്ധ്യ സുകുമാരൻ എന്നിവർ പങ്കെടുക്കും.